## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2009 17/06/2014-ൽ മറുപടിക്ക്

# പുതിയ വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>,, എൻ.എ. നെല്ലിക്കുന്ന്<br>,, എൻ. ഷംസുദ്ദീൻ<br>,, കെ.എം. ഷാജി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യകത നേരിടാൻ പുതിയ പദ്ധതികൾ എന്തൊക്കെയാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ; | (എ) ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന 13 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ വഴി 195.1 MW വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും. കൂടാതെ 31 MW ന്റെ 7 ചെറുകിട ജലവൈദ്യുത പദ്ധതികളും പരിഗണനയിലുണ്ട്. പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതി (4 x 8 MW to 4 x 9 MW) യുടെ 8 MW ശേഷിയുള്ള 4 ജനറേറ്ററുകളുടെ (4 x 8 MW) ആധുനികവത്കരണത്തിനും ഉല്പാദനശേഷി (4x9MW) ആയി വർദ്ധിപ്പിക്കുന്നതിനുമുള്ള പണികൾ പുരോഗമിച്ചു വരുന്നു. കൂടാതെ സ്വകാര്യമേഖലയിൽ 110.5 MW ശേഷി കൈവരിക്കാവുന്ന 25 ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇതിനു പുറമേ എനർജി മാനേജ്മെന്റ് സെന്റർ 750kW ന്റെ കരിക്കൂടി ചെറുകിട ജലവൈദ്യുത പദ്ധതി (പാലോട്, തിരുവനന്തപുരം) ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉല്പാദന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

(....2)

(ബി) ജലവൈദ്യുതി കൂടുതൽ ചൂഷണം ചെയ്യാൻ വരും വർഷങ്ങളിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വരുംവർഷങ്ങളിൽ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ താഴെ പറയുന്നു.

| | | | |
|---|---|---|---|
| 1 | ഒലിക്കൽ | 5 MW | 10.18 Mu |
| 2 | പൂവാരംതോട് | 3 MW | 5.88 Mu |
| 3 | അപ്പർ കല്ലാർ | 2 MW | 5.15 Mu |
| 4 | പീച്ചാട് | 3 MW | 7.7 Mu |
| 5 | ലാഡ്രം | 6 MW | 19.4 Mu |
| 6 | പെരുവണ്ണാമൂഴി | 6 MW | 24.7 Mu |
| 7 | ചെമ്പുക്കടവു III | 6 MW | 14.92 Mu |
| 8 | അപ്പർ ചെങ്കുളം | 24 MW | 53.22 Mu |
| 9 | വെസ്റ്റേൺ കല്ലാർ | 5 MW | 17.41 Mu |
| 10 | മാങ്കുളം | 40 MW | 82 Mu |
| 11 | ചിന്നാർ | 24 MW | 76 Mu |
| 12 | മാർമല | 7 MW | 23.02 Mu |
| 13 | വൈത്തിരി | 60 MW | 177.9 Mu |
| 14 | മരിപ്പുഴ | 6 MW | 15.31 Mu |
| 15 | വാലന്തോട് | 7.5 MW | 12.31 Mu |
| 16 | കല്ലാർ | 4 MW | 10 Mu |
| 17 | കാന്തൻപാറ | 66 MW | 162.32 Mu |
| 18 | തൊമ്മൻകുത്ത് | 2.5 MW | 5.59 Mu |
| 19 | മെലോറാം | 3.6 MW | 15.33 Mu |
| 20 | പൊരിങ്ങൽകുത്ത് Pumped Storage | 80 MW | 185 Mu |
| 21 | കറ്റ്യാടി Pumped Storage | 110 MW | 145 Mu |
| | **ആകെ** | **470.6 MW** | **1068.34 Mu** |

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ജലവൈദ്യുതി ഉല്പാദനത്തിൽ പ്രതിവർഷം ഉണ്ടാക്കാനായ വർദ്ധനവ്,

(സി) കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ജലവൈദ്യുതി ഉല്പാദനത്തിൽ പ്രതിവർഷം ഉണ്ടായ വർദ്ധനവ് താഴെ പറയും പ്രകാരമാണ്.

(.... 3)

പദ്ധതി അടിസ്ഥാനത്തിൽ വിശദ മാക്കുമോ ?

| | | |
|---|---|---|
| 2009-10 | ശബരിഗിരി (RMU) | 5 MW |
| | കുറ്റ്യാടി ടെയിൽറേസ് (3rd unit) | 1.25 MW |
| | **ആകെ** | **6.25 MW** |
| 2010-11 | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ | 100 MW |
| | ഇരുട്ടുകാനം (സ്വകാര്യ മേഖല) | 3 MW |
| | പൂഴിത്തോട് | 4.8 MW |
| | ആകെ | 107.8 MW |
| 2011-12 | റാന്നി-പെരുനാട് | 4 MW |
| 2012-13 | പീച്ചി | 1.25 MW |
| | ഇരുട്ടുകാനം (സ്വകാര്യ മേഖല) (3rd unit) | 1.5 MW |
| | ആകെ | 2.75 MW |
| 2013-14 | കാരിക്കയം (സ്വകാര്യ മേഖല) | 10.5 MW |
| | മാങ്കുളം മിനി ജലവൈദ്യുത പദ്ധതി | 0.11 MW |
| | **ആകെ** | **10.61 MW** |

**സെക്ഷൻ ഓഫീസർ**

ചോ.ന. 2079

## അനുബന്ധം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയില് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

(1) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളില് അനുയോജ്യമായവയില് മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(2) കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(3) പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബല് കോളനിയിലെ വീടുകളുടെ മേൽക്കൂരകളില് മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കല്.

(4) പൊരിങ്ങൽ പവർഹൌസ് കെട്ടിടത്തിന്റെ മേൽക്കൂരകളില് 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാര് പ്ലാന്റ് സ്ഥാപിക്കൽ.

(5) കമ്പാല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കിലോവാട്ട് ശേഷിയുള്ള പോൾ മൌണ്ടട് ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(6) തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 134.56 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (stage -1) സ്ഥാപിക്കൽ.

(7) RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 1.315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ.

(8) ബ്രഹ്മപുരത്ത് ഡീസല് വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസല് എഞ്ചിൻ ജനറേറ്റര് സെറ്റുകള് മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിന് ജനറേറ്റർ സെറ്റുകള് സ്ഥാപിക്കുന്ന പദ്ധതി.

(9) പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 400 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള കമ്പൈൻഡ് സൈക്കിള് പവര് പ്രോജക്ട്, ബ്രഹ്മപുരം – ഇതിന്റെ പരിസ്ഥിതി ആഘാതപഠനം നടന്നുവരുന്നു.

(10) കൊച്ചിൻ റിഫൈനറിയുടെ ആധുനികവത്ക്കരണ-വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയില് നിർമ്മിക്കാനുദ്ദേശിക്കുന്ന ഏകദേശം 500-600 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം.

(11) പുതുവൈപ്പിൻ പെട്രോനെറ്റ് എൽ.എൻ.ജി പദ്ധതിയുടെ സമീപത്തായി 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഉപയോഗിച്ചുള്ള കമ്പൈൻഡ് സൈക്കിള് പവര് പ്രോജക്ട്. ഇതിലേയ്ക്കാവശ്യമായ 46.66 ഏക്കർ സ്ഥലം കൊച്ചിന് പോർട്ട്ട്രസ്റ്റില് നിന്ന് അനുവദിച്ചുകൊണ്ടുള്ള തീരുമാനം 13.05.2014 ലെ സർക്കാര് ഉത്തരവുപ്രകാരം ലഭിക്കുകയുണ്ടായി.

(12) 1320 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയം കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വീണ്ടും പുനരുജ്ജീവിപ്പിക്കാന് ഉദ്ദേശിക്കുന്നു.

കൂടാതെ, മറ്റ് ഏജൻസികൾ വഴി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

(1) പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 3 മെഗാവാട്ട് ശേഷിയുള്ള മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമാണജോലികൾ പൂർത്തിയാക്കി. കമ്മീഷനിംഗ് ജോലികൾ നടന്നുവരുന്നു.

(2) M/s. Inox Renewable Energy Limited ന്റെ 22 മെഗാവാട്ടിന്റെ കാറ്റില് നിന്നുള്ള കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.

(3) ഗവൺമെന്റ് എൻ.എച്ച്.പി.സി – യുമായിട്ട് 06.01.2014 ല് പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതിലേയ്ക്കായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.

(4) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, എൻ.എച്ച്.പി.സി – യുമായിട്ട് 07.05.2014 ല് വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തില് 50 മെഗാവാട്ടിന്റെ സോളാർ പദ്ധതി സ്ഥാപിക്കുന്നതിന് വേണ്ടി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ